# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3922** **15.03.2017-ൽ മറുപടിക്ക്**

### കൂടംകുളം ആണവ നിലയത്തിൽ നിന്നും വൈദ്യുതി

| | ചോദ്യം<br>ശ്രീ.പി. ഉബൈദുള്ള: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം ആണവ നിലയത്തിൽ നിന്നും കേന്ദ്രം സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | 2x1000 മെഗാവാട്ട് ഉത്പാദന ശേഷിയുള്ള നിലയമാണ് കൂടംകുളം ആണവ നിലയം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും സംസ്ഥാനത്തിന് 13.3 ശതമാനം വൈദ്യുതിയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. കമ്മീഷൻ ചെയ്ത 1000 മെഗാവാട്ട് ശേഷിയുള്ള യൂണിറ്റ് പൂർണ്ണ തോതിൽ ഉത്പാദനം നടത്തിയാൽ 133 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിനു ലഭ്യമാകും. രണ്ടാമത്തെ യൂണിറ്റ് ഈ മാസം കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടുകൂടി സംസ്ഥാനത്തിനുള്ള വിഹിതം 266 മെഗാവാട്ട് ആയി വർദ്ധിക്കും. |
| (ബി) | അനുവദിച്ച യൂണിറ്റ് വൈദ്യുതി കേരളത്തിലേക്ക് ഏതു പ്രസരണ ലൈൻ വഴിയാണ് എത്തുന്നത്; | (ബി) | അനുവദിച്ചിട്ടുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ശൃംഖല വഴിയാണ് ഇപ്പോൾ എത്തിക്കുന്നത്. |
| (സി) | നിലയത്തിൽ നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി കൊണ്ടുവരാൻ പുതിയ പ്രസരണ ലൈൻ നിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | കൂടംകുളം നിലയത്തിൽ നിന്നും വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഇടമൺ-കൊച്ചി 400 കെ.വി.ലൈൻ നിർമ്മാണം PGCIL നടത്തുന്നുണ്ട്. ലൈൻ കടന്നു പോകുന്ന സ്ഥലത്തെ ജനങ്ങളുടെ എതിർപ്പുമൂലം നിർമ്മാണ ജോലികൾ തടസ്സപ്പെട്ടിരുന്നെങ്കിലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾ വഴി തടസ്സങ്ങൾ മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**